**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1233 — 12.06.2014-ൽ മറുപടിയ്ക്ക്

## നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വർക്കല കഹാർ**<br>,, **എ.റ്റി.ജോർജ്**<br>,, **എ.പി.അബ്ദുള്ളക്കുട്ടി**<br>,, **ഐ.സി.ബാലകൃഷ്ണൻ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പി.ഡബ്ല്യൂ.ഡി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) ഉണ്ട്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾക്കുപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം, പ്രസ്തുത പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്ന എഞ്ചിനീയർ, ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖാന്തിരം ഉറപ്പു വരുത്താറുണ്ട്. ദേശീയപാതയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരത്തെക്കുറിച്ച് General Specification/IRC Standards/Bureau of Indian Standards എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇത് ഉറപ്പുവരുത്തുന്നതിന് ദേശീയ പാതയിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ മുതലുള്ള എഞ്ചിനീയർമാർ ശ്രദ്ധിക്കാറുണ്ട്. ഇവയുടെ പരിശോധനയ്ക്കായി സൈറ്റുകളിൽ കരാറുകാരന്റെ ചെലവിൽ ലാബുകൾ സെറ്റ് ചെയ്യാൻ വ്യവസ്ഥയുണ്ട്. കൂടാതെ KHRI/QC Lab തുടങ്ങിയവയും നിലവിലുണ്ട്. കെ.എസ്.റ്റി.പി ഏറ്റെടുത്ത് നടത്തി വരുന്ന പ്രവൃത്തികൾ എല്ലാം കർശനമായ ഗുണനിലവാര പരിശോധന നടത്തിയാണ് ചെയ്യുന്നത്. കരാറുകാരനെ തെരഞ്ഞെടുക്കുന്നത് ഉൾപ്പെടെ നിർമ്മാണത്തിന്റെ എല്ലാ ഘട്ടങ്ങളിലും നിർമ്മാണത്തിനുപയോഗിക്കുന്ന ബിറ്റുമിൻ, മെറ്റൽ, സിമന്റ്, സ്റ്റീൽ, മണ്ണ് മുതലായ എല്ലാ സാധനങ്ങളുടെയും ഗുണനിലവാരം മുൻകൂട്ടി പരിശോധിച്ചതിനു ശേഷമേ ഉപയോഗിക്കുകയുള്ളൂ. |

| | |
|---|---|
| (ബി) ഇതിനായി ജില്ലാ കേന്ദ്രങ്ങളിൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ജില്ലകൾ തോറും ക്വാളിറ്റി കൺട്രോൾ ലാബുകൾ ഇപ്പോൾ തന്നെ പ്രവർത്തിച്ചുവരുന്നുണ്ട്. |
| (സി) ഇതിന്റെ പ്രവർത്തന രീതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;<br>(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | **(സി) & (ഡി):**<br>പി.ഡബ്ല്യു.ഡി. വിജിലൻസ് വിഭാഗം, പ്രവൃത്തികളുടെ ഗുണനിലവാരം സർപ്രൈസ് ചെക്കിലൂടെയും മറ്റും നിരീക്ഷിച്ചുവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിന് ഒരു പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നു. ഇത്തരത്തിൽ വരുന്ന പരാതികൾക്ക് പുറമെ വകുപ്പിന്റെ എല്ലാ ഓഫീസുകളിലും പരാതി സ്വീകരിക്കാറുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികളെല്ലാം പരിശോധിച്ച് അതിൻമേൽ നടപടികൾ സ്വീകരിക്കാറുമുണ്ട്. |

**സെക്ഷൻ ഓഫീസർ**